(ബി) ആകെ നൽകിയ പട്ടയങ്ങളിൽ എത്ര ഏക്കർ ഭൂമി പട്ടിക ജാതിക്കാർക്ക് നൽകിയെന്ന് വ്യക്തമാക്കുമോ ;

(സി) ഇക്കാലത്ത് എത്ര ആദിവാസി കുടുംബങ്ങൾക്ക് പട്ടയം ലഭിച്ചു ; ആകെ എത്ര ഏക്കറാണ് ഇത് എന്ന് വ്യക്തമാക്കുമോ ;

(ഡി) ആദിവാസികൾക്ക് ഏതെല്ലാം പഞ്ചായത്തിൽ ഏതെല്ലാം ഊരിലാണ് ഭൂമി നൽകിയത് ?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ 1986 മുതൽ 2014 നാളിതുവരെ 77494 എണ്ണം പട്ടയങ്ങൾ നൽകിയിട്ടുണ്ട്. ഇപ്രകാരം 61759.61 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ 25903.69 ഏക്കർ കേന്ദ്രാനുമതി ലഭിച്ച വനഭൂമിക്ക് പട്ടയം നൽകി.

(ബി) 1249.84 ഏക്കർ ഭൂമി പട്ടികജാതിക്കാർക്ക് നൽകിയിട്ടുണ്ട്.

(സി) 584 ആദിവാസി കുടുംബങ്ങൾക്ക് 679.55 ഏക്കർ ഭൂമിക്ക് പട്ടയം നൽകിയിട്ടുണ്ട്.

(ഡി) ഉപ്പുതറ പഞ്ചായത്തിൽ പണ്ണമ്പടി, ബൈസൺവാലി പഞ്ചായത്ത്, മലങ്കര മിച്ചഭൂമി കേസിൽ സർക്കാർ ഏറ്റെടുത്ത ആലക്കോട് വില്ലേജ്, കൂടാതെ ഉടുമ്പൻചോല താലൂക്കിൽ ചിന്നക്കനാൽ, പൂപ്പാറ, പാമ്പാടുംപാറ വില്ലേജുകൾ എന്നിവിടങ്ങളിലായി ആദിവാസി ഭൂമി വിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി 33 ഊരുകളിൽ ആദിവാസികൾക്ക് ഭൂമി വിതരണം നടത്തിയിട്ടുണ്ട്. പഞ്ചായത്തടിസ്ഥാനത്തിൽ കണക്ക് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

ഹാരിസൺ മലയാളം പ്ലാന്റേഷൻ ലിമിറ്റഡിന്റെ പക്കലുള്ള വസ്തു

190 (1246) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാരിസൺ മലയാളം പ്ലാന്റേഷൻ ലിമിറ്റഡ് എന്ന ബ്രിട്ടീഷ് കമ്പനിയുടെ പേരിൽ എത്ര ഏക്കർ സ്ഥലമാണ് കേരളത്തിൽ വിവിധയിടങ്ങളിൽ ഉള്ളത്, ഇവയിൽ ആധാരം ഉള്ളവയും ഇല്ലാത്തവയും എത്ര ഏക്കർ വീതം ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഹാരിസണിന്റെ കൈവശമുള്ള 1923-ൽ തയ്യാറാക്കിയ 1600-ാം നമ്പർ ആധാരം റവന്യൂ വകുപ്പ് അധികൃതർ പരിശോധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് യഥാർത്ഥ രേഖയാണോ വ്യാജമാണോ എന്ന് കണ്ടെത്തിയിട്ടുണ്ടോ ; ഇത് സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ വ്യക്തമാക്കാമോ ;

(സി) കൊല്ലം സബ്-രജിസ്ട്രാർ ഓഫീസിൽ ഹാരിസണിന്റെ വസ്തു ഇടപാട് സംബന്ധിച്ച് എന്തെങ്കിലും രേഖകൾ ഉണ്ടോ ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ ;

(ഡി) പാട്ടക്കാലാവധി കഴിഞ്ഞ ഹാരിസണിന്റെ പത്തനംതിട്ട ജില്ലയിലെ ളാഹ എസ്റ്റേറ്റ് ഉൾപ്പെടെയുള്ള തോട്ടങ്ങൾ തിരിച്ചുപിടിക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദവിവരം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ബ്രിട്ടീഷ് കമ്പനിയുടെ പേരിലുണ്ടായിരുന്ന ഭൂമിയുടെ വിസ്തീർണ്ണം പരിശോധിച്ചതിൽ 62548 ഏക്കർ ഭൂമി വിവിധ കമ്പനികൾ കൈവശം വച്ചിരുന്നതായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമി നിലവിൽ M/s. ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനി, ടി കമ്പനിയിൽ നിന്നും ഭൂമി വിലയ്ക്ക് വാങ്ങിയവർ, മറ്റ് കക്ഷികൾ എന്നിവരുടെ കൈവശമാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം പ്രസ്തുത ഭൂമിയിൽ കെ.എൽ.സി. നിയമ പ്രകാരമുള്ള നടപടികൾ തുടരുന്നതിന് സർക്കാരിന് അധികാരമുണ്ട് എന്ന് സ്ഥാപിച്ചുകൊണ്ട് 26-11-2014-ൽ GLR(LR)-4/2013-ാം നമ്പർ നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. 1600/1923-ാം നമ്പർ കരാർ ഉടമ്പടിയിലടങ്ങിയ ഭൂമിയുടെ നിജസ്ഥിതി മറച്ചുവച്ചുകൊണ്ട്, ഒരാൾ തന്നെ വിൽപ്പനക്കാരനും, വാങ്ങുന്ന കക്ഷിയും എന്ന നിലയിൽ തയ്യാറാക്കിയിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. മുന്നാധാരങ്ങൾ ടി ഉടമ്പടിയിൽ പരാമർശിച്ചിട്ടില്ല. കൂടാതെ ബ്രിട്ടനിൽ രജിസ്റ്റർ ചെയ്ത കമ്പനിയുടെ പേരിലാണ് ടി ഉടമ്പടി.

(സി) ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനികളായിരുന്ന ചില കമ്പനികളുടെ പേരിലുണ്ടായിരുന്ന കരാർ ഉടമ്പടികൾ കൊല്ലം സബ് രജിസ്ട്രാർ ഓഫീസിൽ പൊടിഞ്ഞ രൂപത്തിൽ ഉള്ളതായി വിവിധ അന്വേഷണ റിപ്പോർട്ടുകളിൽ കാണുന്നു.

(ഡി) M/s. ഹാരിസൺസ് മലയാളം ലിമിറ്റഡിന് സംസ്ഥാന സർക്കാർ ഭൂമി പാട്ടമായി നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly